# നാമ്പ്

## ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് എസ് പാങ്ങ്



## ആശംസ............

എഴുത്തിനെ, ചിത്രത്തെ ഏറ്റുവാങ്ങുന്ന ചുമരുകൾ മാറിക്കൊണ്ടിരിക്കുകയാണ്.

ഇ-മാഗസിന്റെ പ്രാധാന്യവും ഈ തിരിച്ചറിവിൽ തുടങ്ങുന്നു.

പാങ്ങ് ഹയർസെക്കന്ററി സ്കൂൾ വിഭാഗം വിദ്യാർത്ഥികൾ ഇ-മാഗസിൻ

തയ്യാറാക്കുന്നതായി അറിഞ്ഞു; സന്തോഷം.

വിദ്യാർഥികൾക്ക് ഇനിയും മുന്നോട്ട് പോകാൻ കഴിയട്ടെ;

ഹസീന നാനാക്കൽ

ഹെഡ്മിസ്ട്രസ്സ്

ജി. എച്ച് എസ് എസ് പാങ്ങ്

# ആശംസ

കുട്ടികളുടെ കുത്തിവരക്കു പോലും നിഷ്കളങ്കമായ ആശയ പരിസരമുണ്ടാകും. തുടങ്ങാൻ കഴിയുക എന്നതാണ് പ്രധാനം. അതിന് നിലമൊരുക്കുക എന്നത് അതിശ്രേഷ്ഠവും.

പാങ്ങ് ഗവ.ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഇ-മാഗസിന് ഹൃദയപുരസ്സരം ഭാവുകങ്ങൾ നേരുന്നു..........

പ്രിൻസിപ്പൽ
ജി. എച്ച് എസ് എസ് പാങ്ങ്

# എഡിറ്റോറിയൽ ബോർഡ്

നുഹ്‌ന പി. ടി.
ഫാത്തിമ റഷ എം
വൈശാഖ്
ഗോപിക എൻ
മുഹമ്മദ് അനസ്
സിദ്ധാർത്ഥ്

# നവ കേരള സൃഷ്ടിക്കായ്
# മാറ്റണം നയങ്ങൾ

- മാലിന്യ സംസ്കരണം
- പ്ലാസ്റ്റിക്ക് വസ്തുക്കൾ  റീസൈക്കിൾ ചെയ്യുക
- പരിസ്ഥിതി സംരക്ഷിക്കുക
- മഴവെള്ളസംഭരണി നിർമിക്കുക
- ഭക്ഷണവസ്തുകൾ പാഴാക്കാതിരിക്കുക


## സൃഷ്ടിക്കാം നമുക്കൊരുമിച്ചൊരു നവകേരളം

8.B

# ന്യൂ ജനറേഷൻ

ന്യൂ ജനറേഷൻ കൂട്ടുന്നു
കാലത്തിന്റെ മാറ്റങ്ങൾ
കാലംതോറും കോലംകെട്ടും
യുവത്വങ്ങൾക്കിത് ന്യൂജനറേഷൻ
മുടിയും നീട്ടി കോലംകെട്ടും
യുവത്വങ്ങൾക്കിത് ന്യൂജനറേഷൻ
ചായം പൂഷി ഗ്ലാമറു കൂട്ടും
പെണ്ണുങ്ങൾക്കിത് ന്യൂജനറേഷൻ
ആണോ പെണ്ണോ തിരിച്ചറിവില്ലല്ലോ
കോലം മാറും ന്യൂജനറേഷൻ
ജീൻസും ടോപ്പുമണിഞ്ഞുനടക്കും
പെണ്ണുങ്ങൾക്കിത് പുതിയൊരു മോഡൽ
ന്യൂജനറേഷൻ കൂട്ടുന്നു

പുണ്യ 10.b



# കൊളംബസിന്റെ നിശ്ചയദാർഢ്യം

പരിചയമില്ലാത്ത ദേശങ്ങൾ കണ്ടുപിടിക്കാൻ കപ്പൽ യാത്ര ചെയ്യുക എന്നത് കൊളംബസിന് ഹരമായിരുന്നു. അതു കൊണ്ടു തന്നെ അമേരിക്ക കണ്ടു പിടിച്ചതാരെന്നു ചോദിച്ചാൽ കൊളംബസ് എന്ന് ഉത്തരം പറയാൻ മാത്രം വിശ്രുതമായി കൊളംബസിന്റെ ജീവിത യാത്രകൾ യൂറോപ്പിൽ നിന്നും പടിഞ്ഞാറെ സമുദ്രം വഴി മാസങ്ങൾ സഞ്ചരിച്ചാൽ ഒരു ഉപദ്വീപ് കണ്ടെത്താം. എന്ന വാശായിൽ അദ്ദേഹം യൂറോപ്പിൽ നിന്നും കപ്പൽ കയറി .സുഹൃത്തുക്കളും പിചയക്കാരുമെല്ലാം ഈ അപകട യാത്രയെ നിരുൽസാഹ പ്പെടുത്തിയെങ്കിലും കൊളംബസ് യാത്രയിൽ നിന്നും പിൻമ്മാറിയില്ല.മാസങ്ങൾ കടലിലൂടെ സഞ്ചരിച്ചെങ്കിലും ലക്ഷ്യസ്ഥാനത്തേക്ക് എത്താൻ സാധിക്കത്തതു കൊണ്ട് കപ്പലിലെ സഹ യാത്രക്കാർ വഴി തിരിച്ചു വിടാനും നാട്ടിലേക്ക് തന്നെ മടങ്ങാനും തീരുമാനിച്ചു. എന്നാൽ ലക്ഷ്യ സ്ഥാനം എത്താതെ പിമ്മാറാൻ കൊളംബസ് തയ്യാറായില്ല. കൊളംബസിന്റെ വാശിക്ക്മുമ്പിൽ കപ്പൽ തിരിച്ചു വിട്ടില്ലെങ്കിൽ കൊളംബസ് തന്റെ ർനിശചയാദാർഢ്യം ഉറച്ചുനിന്നു . ഒടുവിൽ കപ്പൽ അകലെയുള്ള തീരത്ത് നങ്കൂരമിട്ടു . ആ ഭൂപ്രദേശം പിന്നീട് അമേരിക്കൻ വൻകരയെന്ന പേരിൽ ലോകത്തിൽ അറിയപ്പെട്ടു.

ജംഷിയ സുൽത്താൻ

൧ b


Jasmi.p.k
X-D

# അച്ഛനോടൊപ്പം...

ക്ലാസിലേക്ക് കയറാൻ നിൽക്കുമ്പോഴാണ് ഒരു കുട്ടി പിറകിൽ നിന്ന് വിളിച്ചത്. "അനു...നിന്നെ ശ്രുതി ടീച്ചർ വിളിക്കുന്നു.ഓഫീസിലേക്ക് ചെല്ലാൻ പറഞ്ഞു" .അനു ആകെ പേടിച്ചു.ഇനി എന്തൊക്ക പുകിലാണാവോ ഉണ്ടാകാൻ പോകുന്നത്.ഇന്നലെ ക്ലാസിൽ വരാഞ്ഞത് അച്ഛന് സുഖമില്ലാത്തത് കൊണ്ടാണ്.മനപൂർവം താനൊരു ലീവും എടുത്തിട്ടില്ല എന്ന് അവൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു.ഇന്നലെ സ്ക്കൂളിലേക്ക് പോരാൻ ഒരുങ്ങുമ്പോഴാണ് അച്ഛന് പനി കൂടിയത്. അച്ഛൻ കിടന്ന് വിറക്കുന്നുണ്ടായിരുന്നു.അത് കണ്ടിട്ട് സ്ക്കൂളിൽ വരാൻ തോന്നിയില്ല.അതാ ഇന്നലെ ക്ലാസിൽ വരാഞ്ഞത്.ടീച്ചർക്ക് പറഞ്ഞാൽ മനസ്സിലാകും.തെല്ലൊരു ആശ്വാസത്തോടെ അവൾ ഓഫീസിലേക്ക് നടന്നു.ടീച്ചർ അവളെ കാത്തു നിൽക്കുന്നുണ്ടായിരുന്നു.കൂടെ ആരോ ഉണ്ട്.അടുത്തെത്തിയപ്പോഴാണ് മനസ്സിലായത് അത് തന്റെ മാമനാണ്.

മാമന്റെ മുഖം എന്തോ വിഷമം കൊണ്ട് താഴ്ന്നതായി അവൾക്ക് തോന്നി. പെട്ടെന്ന് അച്ഛന്റെ മുഖം അവൾക്ക് ഓർമ്മ വന്നു.ദൈവമേ തന്റെ അച്ഛനെന്തെങ്കിലും ...അവൾ ടീച്ചറോട് കാര്യമെന്തെന്ന് അന്വേഷിക്കാതെ അമ്മാവന്റെ അടുത്തേക്കോടി."എന്താ അമ്മാവാ കാര്യം, അച്ഛനെന്തെങ്കിലും....” “ ഏയ് അച്ഛനൊന്നും പറ്റീട്ടില്ല, മോള് വാ നമുക്ക പോകാം". അപ്പോഴേക്കും ഒരുകുട്ടി ബാഗെടുത്ത് അവളുടെ കയ്യിൽ  കൊടുത്തു. അനുവിന് അച്ഛൻ മാത്രമേയുള്ളൂ.ഗ്രാമത്തിലെ ചെറിയ ചായക്കടയാണ് അനുവിന്റേയും അച്ഛൻ നാണുവിന്റേയും ഏക വരുമാന മാർഗം. ഗ്രാമവാസികളുടെ ഉറ്റതോഴനാണ് നാണു. നാണുവിന്റെ ചായയുടെ  സ്വാദറിയാത്തവർ അവടെ വിരളമാണ്. എന്നത്തേയും പോലെ ഒരു ദിവസം ചായയുണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ ഒരു നെഞ്ചുവേദന. "മോളേ" എന്നു വിളിച്ച് മാറത്ത് അമർത്തിപിടിച്ച് നിലത്തു വീണ അച്ഛനെ നാട്ടുകാരാണ് ഹോസ്പിറ്റലിൽ കൊണ്ടുപോയത്. നല്ലവരായ നാട്ടുകാരുടെ സഹായം കൊണ്ട് ഹോസ്പിറ്റൽ ചിലവിന് നെട്ടോട്ടമോടേണ്ടി വന്നില്ല. അന്നു മുതൽ ഇന്നു വരെ ഓരോ രോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ടുകയായിരുന്നു അച്ഛൻ. പലതും ആലോചിച്ച് വീടെത്തിയത് അവർക്ക്  പരിസര ബോധം വന്നത് വീടിനു മുന്നിൽ ഒരാൾക്കൂട്ടം. ദൈവമെ  തൻെറ  അച്ഛനെന്തെങ്കിലും “അച്ഛാ" എന്ന് വിളിച്ചവൾ  അകത്തേകോടി ആരെല്ലാമോ  അവളെ പിടിച്ചു നിർത്താൻ ശ്രമിച്ചു. എന്നാൽ ആർക്കും അവളും തടയാൻ കഴിഞ്ഞില്ല. തറയിൽ പുൽപായയിൽ  വെള്ള പുതപ്പിച്ചു പുഞ്ചിരിച്ചു  കിടക്കുന്ന  അച്ഛനെ കണ്ട തോടെ അനൾ പരിസരം മറന്ന്ഒരു ഭ്രാന്തിയെ പോലെ അലറി കരഞ്ഞു. അമ്മാവൻ അവളെ ഒരു കൊച്ചു കുഞ്ഞിനെപോലെ വാരിയെടുത്ത് അകത്തൊരു

മുറിയിൽ കിടത്തി. ക്ഷീണിതയായിരുന്ന അവളെ സാന്ത്വനിപ്പിക്കാൻ പലരും സശ്രമിച്ചു അധികം വൈക്കതെ അവൾ ഒന്നു മയങ്ങി. അച്ഛനതാ തൻെറ അടുത്തേക്ക് വരുന്നു' "മോളേ നീയെന്താ ഇവിടെ കിടക്കുന്നത് യാ എൻെറടുത്തിരിക്ക്. ഇനി കുറച്ചു സമയമേ ഈ അച്ഛൻ മോളടുത്ത് ഉണ്ടാകു വാ........."

പെട്ടെന്ന് അവൾ ഞെട്ടി ഉണർന്നു. മുമ്പിൽ അച്ചനില്ല. ഒരു പടയാളുകൾ തന്നെ നോക്കുന്നു. അവർക്ക് മനസ്സിലായി. ഇനി തന്നെ തലോടാനും പ്രയാസങ്ങൾ വരുമ്പോൾ ആശ്വസിപ്പിക്കാനും തന്നെ സ്നേഹം കൊണ്ട് പൊതിയാനും അച്ഛനില്ല.അമ്മയുടെ അടുത്തേക്ക് അച്ഛനും യാത്രയാവുകയാണ്.അവൾ പതിയെ എണീറ്റു.അച്ഛന്റെ അടുത്തേക്ക്. അച്ഛന്റെ കാലിൽ ഏങ്ങി കരഞ്ഞ് അവൾ കാലിൽ തുരുതുരാ ഉമ്മ വെച്ചു. എത്ര സമയം അങ്ങനെ ഇരുന്നുവെന്നറിയില്ല.ആരോ അവളെ പിടിച്ചുലച്ചപ്പോഴാണ് അവൾക്ക് സ്വബോധം വന്നത്.അച്ഛനെ കുളിപ്പിക്കാൻ കൊണ്ടുപോവുകയാണ്. താൻ കുളിപ്പിച്ചോളാം എന്ന് പറയണമെന്നുണ്ട്. പക്ഷേ നാവു വഴങ്ങുന്നില്ല. അമ്മായി അവഴെ പിടിച്ച് അകത്തെ റൂമിൽ കൊണ്ടു കിടത്തി. ആ സ്ത്രീ അവളെ മടിയിൽ കിടത്തി തലോടി. എന്തോ ഒരു കുളിരവളെ തഴുകിയ പോലെ തോന്നി. അമ്മ മരിച്ചതിൽ പിന്നെ അച്ഛനാണ് അവളെ ഇങ്ങനെ തലോടിയിരുന്നത്. ഇനി അവരും ഈ ലോകത്തിലില്ല എന്നോർക്കുമ്പോൾ അനുവിന് കരച്ചിൽ വന്നു.എത്ര നേരം അങ്ങനെ കിടന്നുവെന്നറിയില്ല. അമ്മാവന്റെ ശബ്ദം അവളെ ഓർമ്മയിൽ നിന്ന് ഉണർത്തി. അച്ഛനെ കുളിപ്പിച്ച് കഴിഞ്ഞിരിക്കുന്നു.ഇനി അവസാനമായി കാണേണ്ടവർക്കു കാണാം. അനുവിന് മനസ്സിലായി. ഇനി അച്ഛന്റെ കിടപ്പറ മണ്ണാണ്. അതിന് ഇനി അധിക സമയം ഇല്ല. എല്ലാവരും അച്ഛനെ ആ ഇരുട്ടറയിലേക്ക് യാത്രയാക്കാൻ വെമ്പുകയാണ് അതു മെല്ലെ നടന്നു അവളുടെ അഛന്റെ അടുത്തേക്ക് പെട്ടന്ന് എന്തോ അസഹ്യമായ വേദന അവളെ പിടിച്ചുലച്ചു. ഞരമ്പുകൾ എല്ലാം ആരോ പിടിച്ചു വലിക്കുന്ന പോലെ അവൾക്ക് മലസ്സിലായി. താൻ തന്റെഅഛനോടൊപ്പം യാത്രയാവുകയാണ്. ആ ഇരുട്ടറയിലേക്ക്. അമ്മായിയും അമ്മാവനും ഓടി വന്ന് അവളെ താങ്ങി അവൾ അവസാനമായി പ്രസന്ന മുഖത്തോടെ അവരെ നോക്കി പിഞ്ചിരിച്ചു. പിന്നെ ഒരു നീണ്ട ശ്വസം വലിച്ചു അവൾ ഈ ലോകത്തോട് വിടപറഞ്ഞു. തന്റെ അഛനോടൊപ്പം അമ്മയുടെചാരത്തേക്ക്.

Irfana sherin
9.C

# അർപ്പിക്കുന്നു ഞങ്ങൾ നന്ദിയും സ്നേഹവും

നോവിക്കുന്നു ഭൂമിയെ മാനുഷർ ഒന്നടക്കം
സഹികെട്ട മാനം കരയുന്നു
കുപിതനായ് പൊഴിക്കുന്നു കണ്ണീർത്തുള്ളികൾ
അർദ്ധയുറക്കത്തിൽ ഞെട്ടിയുണരുന്നു
നാട്ടരും വീട്ടരും ജീവാംശവും
മുഴങ്ങുന്നു കാതിൽ ആർത്തിരമ്പുന്നു
ജീവിതൻ നിലവിളികൾ
ഓടുന്നു പായുന്നു വാരിയെടുക്കുന്നു
തനിക്കു വേണ്ടതെല്ലാം
വറ്റിയ തോടുകൾ നിറയുന്നു വേഗം
പൊങ്ങുന്നു വീടിൻ തിണ്ണവരെ
ഓടുന്നു വീണ്ടും വെള്ളമില്ലാത്താരറ്റം തേടി
എത്തുന്നു ചുടുകണ്ണീരവിടെയെല്ലാം
നിലകൾ കേറിയെത്തുന്നു കണ്ണീർ
ഒഴുകുന്നു ചോര കലർന്ന വെള്ളം
എത്തുന്നു ഹസ്തങ്ങൾ ആയിരം
ജീവനർപ്പിച്ച് കൊണ്ട്
ദൈവത്തിൻ നാടാം കേരളം
മുങ്ങുന്ന ദേവിതൻ കണ്ണീരിലായ്
നിരക്കുന്നുഹസ്തങ്ങളൊന്നിച്ചിട്ടു-
ണ്ടാക്കുന്നു പുതുകേരളം
നന്ദിയർപ്പിക്കുന്നു സ്നേഹമർപ്പിക്കുന്നു
ജാതിമതമില്ലാതെത്തിയോർക്ക്

നാജിയ നസ്റിൻk.k
class-9c


Jasmi.p.k
X-D

# ഉണരുന്ന കേരളം

ഈ കഴിഞ്ഞ ഓഗസ്റ്റിൽ നമ്മുടെ കേരളം മരണത്തോട് പോരാടി. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു മഹാ പ്രളയത്തിന് കേരളം സാക്ഷ്യം വഹിച്ചു. കൺ മുന്നിൽ വച്ച് റോഡുകളും വീടുകളും ഒലിച്ച് പോയി. ദൈവത്തിന്റെ നാടായ കേരളത്തെ കരകറ്റി കൊണ്ടിരിക്കുകയാണ് ഓരോ മനുഷ്യരും.ഇതിന്റെ കൂടെ ജനസംഖ്യയും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഈ അവസ്ഥയിൽ ഓരോരുത്തർക്കും വീട് നിർമ്മിച്ചു നൽകുക എന്നത് സ്ഥലപരിമിതി കൊണ്ടും ദുരന്തപ്രദേശങ്ങളും എല്ലാം ആയി പ്രയാസകരമായേക്കാം.

ഈ പുതു തലമുറയിൽ ഇന്ന് മിക്കവരും അണുകുടുംബമായാണല്ലോ താമസിക്കുന്നത്. ഒരു വീട്ടിൽ 1 ആല്ലെങ്കിൽ 2 പേരാണ് ഉണ്ടായികുന്നത്. അവർക്ക് വേണ്ടി ഒരു പ്രത്യേക സ്ഥലമെടുക്കുന്നതിലും ഉത്തമം ഒരു വലിയ ഫ്ലാറ്റ് നിർമ്മിക്കലാവാം.. അങ്ങനെ ആവുമ്പോൾ അതിൽ തന്നെ ഒരുപാട് പേർക്ക് ഉള്ള താമസ സൗകര്യം ലഭ്യമാകും. സ്ഥല പരിമിതിയും മറ്റും പരിഹരിക്കയും ആവും. കാർഷിക മേഖലയിൽ വൻ നഷ്ടം നമ്മൾ കണ്ടു.അതിനെല്ലാം പരിഹാരമായി തരശായി കിടക്കുന്ന ഭൂമിയിൽ കൃഷിയെ തിരികെ കൊണ്ട് വരാം... ഓരോ മലയാളിയും......കൃഷിയിലേക്ക് മുന്നിടാം....

ഷമില സന
൭ ഇ

# കണ്ണാടിയന്ത്രങ്ങൾ

പ്രാചീനഗ്രീസിലെ ഐശ്വര്യപൂർണ്ണമായ ഒരു കൊച്ചുരാജ്യമായിരുന്നു സെറാക്യൂസ്. അധ്വാനികളും സമാധാനപ്രിയരുമായ ജനങ്ങൾ അവരിൽ കുറേപ്പേർ കൃഷിക്കാരായിരുന്നു. മറ്റുചിലർ കടലിൽ നിന്ന് മീൻ പിടിച്ചു. ഹൈറോൺ രാജാവിന്റെ ഭരണത്തിൽ അവർ സന്തോഷത്തോടെ ജീവിച്ചു. അങ്ങനെയിരിക്കെയാണ് ആ വാർത്തയെത്തിയത്. മീൻ പിടിക്കാൻ പോയ ചിലരാണ് വാർത്തകൊണ്ടുവന്നത്. കുറേ കപ്പലുകൾ സെറാക്യൂസിലേക്കു നീങ്ങുന്നു ! സെറാക്യൂസ് സൈന്യത്തിന്റെ തലവനും ചില പടയാളികളും അടുത്തുള്ള കുന്നിൻ മുകളിലേക്ക് കടലിലേക്ക് നോക്കി.

ശരിയാണ്, കുറേ കപ്പലുകൾ സെറാക്യൂസ് ലക്ഷ്യമാക്കിവരുകയാണ് കപ്പലുകൾക്ക് മുകളിൽ പറക്കുന്ന കൊടികൾ കണ്ട സൈന്യാധിപന്റെ ചുണ്ടുകൾ മന്ത്രിച്ചു ; "റോമക്കാർ"

രാജാവിനെ വിവരം ധരിപ്പിച്ചു.

അദ്ദേഹം മന്ത്രിമാരെയും സൈന്യാധിപനെയും വിളിച്ചുചേർത്തു. റോമക്കാരെ നേരിടാനുള്ള ശക്തി അവർക്കില്ല. കാരണം, സെറാക്യൂസിന്റെ സൈന്യം വളരെ ചെറുതായിരുന്നു. ഇങ്ങനെയൊരു വിഷമസന്ധിയെക്കുറിച്ച് ഇതിനു മുമ്പ് ചിന്തിച്ചിട്ടേയില്ല. ഇനി എന്തുചെയ്യും ?

രാജ്യത്തെയും ജനങ്ങളെയും രക്ഷിച്ചേ തീരൂ . അതിനെന്താണൊരു വഴി ... ?

"ആർക്കിമെഡസ്... ആർക്കിമെഡസിനെ വിളിക്കൂ. എന്തെങ്കിലും വിദ്യ അദ്ദേഹം കാണാതിരിക്കുമോ ?"

പണ്ട് പല വിഷമപ്രശ്നങ്ങളിൽ നിന്നും രാജാവിനെ രക്ഷിച്ചത് ആർക്കിമെഡസ് ആയിരുന്നു. അതീവ ബുദ്ധിശാലി"എങ്കിലും ഇത്രയും വലിയ സൈന്യത്തെ നേരിടാൻ ആർക്കിമെഡസിന് എങ്ങനെ കഴിയും ? സൈന്യാധിപന് അപ്പോഴും സംശയമായിരുന്നു.

ആർക്കിമെഡസ് രാജസന്നിധിയിൽ എത്തി. അദ്ദേഹം വിവരങ്ങളൊക്കെ അറിഞ്ഞുകഴിഞ്ഞിരുന്നു.

"അരമനരഹസ്യം അങ്ങാടിപ്പാട്ട് " എന്നാണല്ലോ "ആർക്കിമെഡസ്, എന്തു ചെയ്യാൻ കഴിയും നമുക്ക് ?"

രാജാവ് ചോദിച്ചു. കുറച്ചുനേരം എന്തോ ആലോചിച്ചിട്ട് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. "പ്രഭോ, റോമാക്കാരെ തുരത്തിയോടിക്കാം ചില സാധങ്ങൾ കിട്ടുകയാണെങ്കിൽ" ആർക്കിമെഡസ് പറഞ്ഞ സാധങ്ങൾ എല്ലാം തയ്യാറായി. അതു കണ്ട് സൈന്യാധിപൻ ചിരിയടക്കാൻ പാടുപെട്ടു...

കുറേ വലിയ കണ്ണാടികളും പിന്നെ കുറേ മരക്കാലുകളും. സൈന്യാധിപൻ അൽപ്പം പരിഹാസത്തോടെ പറഞ്ഞു. "നല്ല ആയുധങ്ങൾ! ഇതുകൊണ്ടാണോ റോമാക്കാരെ തോൽപ്പിക്കുന്നത് ? ഇത് മുഖം നോക്കാനല്ലേ കൊള്ളൂ." ആർക്കിമെഡസ് ഒന്നും പറഞ്ഞില്ല കണ്ണാടികളും മരക്കാലുകളും ചുമന്നുകൊണ്ട് ആർക്കിമെഡസും കൂട്ടരും കുന്നിൻ മുകളിലേക്ക് കയറിപ്പോയി. എന്തായിരിക്കും ആർക്കിമെഡസ് ചെയ്യാൻ പോകുന്നത് ? രാജസദസ്സിൽ ചർച്ചയായി. അദ്ദേഹം ഇതു വരെ പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്തുകാണിച്ചിട്ടുണ്ട് പക്ഷേ, ഇക്കാര്യത്തിൽ വിജയിക്കുമെന്ന് ആർക്കും ഒരുറപ്പും ഉണ്ടായിരുന്നില്ല. ചെറുതെങ്കിലും വീരന്മാർ ഉൾക്കൊള്ളുന്ന സെറാക്യൂസിന്റെ സൈന്യം കടൽക്കരയിലെത്തി. എന്തിനുംതയ്യാറായി നിന്നു.റോമാക്കാരെ ദൂരെ കണ്ടു തുടങ്ങി.

നിരനിരയായി കുറേ കപ്പലുകൾ. മുകൾത്തട്ടുകളിൽ ആയുധങ്ങളേന്തിയ പടയാളികൾ. റോമാക്കാർ ആവേശത്തിലാണ്. എത്രയും പെട്ടെന്ന് സെറാക്യൂസിലെത്തണം. അവർക്കെന്തു ചെയ്യാൻ കഴിയും ? നിഷ്പ്രയാസം കീഴടക്കാം. മുന്നോട്ട്....മുന്നോട്ട്....വേഗം. പെട്ടെന്ന് സൂര്യൻ അവർക്കുനേരെ കത്ത്ജ്ജ്വലിച്ചു. എന്ത് ? എന്താണത്? റോമാക്കാരുടെ സൈന്യത്തെ വഹിച്ചുകൊണ്ട് മുമ്പേ പോയിരുന്നു. കപ്പലിന് എന്തു പറ്റി ? അതിൽ തീ ആളിക്കത്തുന്നു

പിന്നാലെയുള്ള കപ്പലുകളിലും തീ പടരുന്നു. പടയാളികൾ കടലിലേക്ക് ചാടുന്നു.

എന്താണ് സംഭവിക്കുന്നതെന്ന് ആർക്കും മനസ്സിലായില്ല തീപ്പന്തങ്ങളൊന്നും കപ്പലിലേക്ക് വരുന്നത് കണ്ടില്ല. പിന്നെങ്ങനെ ?

എങ്ങനെ ?

പിറകേ വന്ന കപ്പലുകൾക്ക് രക്ഷ പെട്ടാൽ മതിയെന്നായി. അവർ തിരിച്ചു പോകാൻ തുടങ്ങി .

കരയിൽ നിൽക്കുന്ന സെറാക്യൂസ് സൈനികർ ആർത്തുവിളിച്ചു പക്ഷേ , അവർക്കും മനസ്സിലായില്ല.എന്താണ് സംഭവിച്ചതെന്ന് ഹൈറോൺ രാജാവ് ഈ സന്തോഷ വാർത്ത അറിഞ്ഞു .

“ഇത് ആർക്കിമെഡിസിന്റെ വിദ്യയാണ് .സംശയമില്ല എന്താണ് വിദ്യ ?”

രാജാവ് ആർക്കിമെഡിസിന്റെ അടുത്തെത്തി അവിടെ ചില തൂണുകളിൽ വലിയ കണ്ണാടികൾ ഉറപ്പിച്ചിരിക്കുന്നു .

ആർക്കിമെഡസ് ,അങ്ങ് എന്താണ് ചെയ്തത്?

എങ്ങനെയാണ് ആ കപ്പലുകൾക്ക് തീപിടിച്ചത്?

രാജാവിന് ജിജ്ഞാസ അടക്കാനായില്ല .

“അതു വളരെ ലഭിതമാണ് പ്രഭോ ഉള്ളിലേക്ക് വളഞ്ഞ കണ്ണാടിയിൽ സൂര്യരശ്മികൾ തട്ടിച്ചാൽ അതൊരു സ്ഥലത്ത് കേന്ദ്രീകരിക്കും. ആ സ്ഥലത്ത് ചൂട് വളരെ കൂടും. തീ പിടിക്കും. ഞങ്ങൾ അത് റോമക്കാരുടെ കപ്പലുകളിൽ കേന്ദ്രീകരിച്ചു അത്ര തന്നെ.ആർകക്കിമെഡസ് പറഞ്ഞു. കൊള്ളാം, സൂര്യനാണ് ഈ കണ്ണാടിയമ്പുകൾ ഉപയോഗിച്ചു നമ്മുടെ ശത്രുക്കളെ തുരത്തിയത് അല്ലെ ?. രാജാവ് ആഹ്ലാദത്തോടെ പറഞ്ഞു.

റിംശ ഷെറി 8 ഡി

# കേരളത്തിന്റെ അഭിമാനം

1956 നവംബർ 1 നാണ് മലയാളനാടായി കേരളത്തെ തിരിച്ചത് .ഇന്ന് കേരളത്തിന് 62 തികയുകയാണ് .നമ്മുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ദുരന്തത്തെ അതിജീവിച്ചതിന്റെ ആശ്വാസത്തോടെയാണ് ഈ പിറന്നാളിനെ'ദൈവത്തിന്റെ സ്വന്തം നാട് 'വരവേൽക്കുന്നത് .പ്രളയമേൽപ്പിച്ച തിരിച്ചടികളിൽനിന്നു കരകയറാൻ ദീർഘവീക്ഷണത്തോടെയുള്ള ചുവടുവെപ്പുകൾ അനിവാര്യം. പ്രകൃതി സമ്പത്ത് ,കൂട്ടായ്മയുടെ സമ്പത്ത് , കൂട്ടായ്മയുടെ കരുത്ത് .....മേന്മകളേറെയുണ്ട് നമുക്ക് . അവയിൽ പലതും നാം മറ്റുള്ളവർക്ക് മാതൃകയാവുകയും ചെയ്യുന്നു. അതേ സമയം മെച്ചപ്പെടേണ്ട മേഖലകളുമുണ്ട് .'നവകേരളം'ലക്ഷ്യമിട്ടു നീങ്ങുന്ന നാം പിന്തുടരേണ്ട മികവുറ്റ മാതൃകകൾ രാജ്യത്തെ തന്നെ ഭീതിയിലാഴ്ത്തിയ നിപ്പാ വൈറസ് ഒരു മാസം കൊണ്ട് നിയന്ത്രണ വിധേയമാക്കി .

ചികിത്സയും നിരീക്ഷണവും പ്രതിരോധവും ഉറപ്പാക്കിയ രീതി ലോകത്തിനു തന്നെ മാതൃകയായി അപ്രതീക്ഷിതമായി മഹാപ്രളയം വന്നപ്പോൾ സഹജീവികളെ കൈപിടിച്ചുയർത്താനും സഹായിക്കാനും ജനങ്ങൾ ഒറ്റക്കെട്ടായിറങ്ങി പുതിയ മാതൃക സൃഷ്ടിച്ചു. ഈ ഒരുമയും ഐക്യവും ലോകമെങ്ങും ചർച്ചയായി ആരോഗ്യം ,വിദ്യാഭ്യാസം,ജീവിത നിലവാരം എന്നിവ അടിസ്ഥാനമാക്കി ഒരു പ്രദേശത്തിന്റെ സ്ഥാനം രേഖപ്പെടുത്തുന്ന മാനവ വികസന സൂചികയനുസരിച്ചുള്ള കേരളം അത്യുന്നത നിലവാരത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ കേരളം തന്നെ. നമ്മുടെ കേരളത്തെക്കുറിച്ച് മഹാകവി വള്ളത്തോൾ ഇങ്ങനെ പറഞ്ഞു:"കേരളംമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ...." 'നമ്മുടേത് മാത്രം'എന്ന് പറയാൻ കേരളത്തനിമയുടെ എത്രയെത്ര ഉദാഹരണങ്ങളാണ് നമുക്കു ചുറ്റും മറ്റെങ്ങുമില്ലാത്ത ആഘോഷങ്ങൾ ,ആചാരങ്ങൾ ,നമ്മുടെ സ്വന്തം കാർഷികവിളകൾ ,ഉൽപന്നങ്ങൾ കേരളത്തിലുണ്ട് .

അർഷിഫ .എം.പി
൯.A

# പ്രളയം

കുറച്ച് മാസങ്ങൾക്കു മുൻപ് കേരളം ഭീതിയോടെ നേരിട്ടത് പ്രളയത്തേയാണ്. തോരാതെ പെയ്തുള്ള മഴയിൽ പല സ്ഥലങ്ങളിലെ വീടുകൾ മുങ്ങി.പുഴകളും തോടും കവിഞ്ഞൊഴുകി.
വെള്ളത്തിൽ മുങ്ങിയും ഉരുൾപൊട്ടിയും ഒരുപാട് ജീവനുകൾ പ്രളയമെടുത്തു.അഞ്ചും ആറും ഷട്ടറുകൾ തുറന്നു. എവിടെ നോക്കിയാലും വെള്ളം മാത്രം.ഇതിലും ഒരു ഭയവുമില്ലാതെ
നിന്ന നാവിക സേനയും നാട്ടുകാരും ബോട്ട് നൽകിയ മത്സ്യതൊഴിലാളികളും ആണ്.ധനികനോ ദരിദ്രനെന്നോ ഇല്ലാതെയാണ് ഈ പ്രളയം ജീവനെടുത്തത് .
ഇതിലും മുതലെടുക്കുന്ന ഒരുപാട് മനുഷ്യർ ഉണ്ട്.വെള്ളം ഉയരുമ്പോൾ വീട്ടുകാർ ഓടുന്ന സമയം അതിലെ വില പിടിപ്പുള്ളവ കൊണ്ട് മറ്റുള്ളവർ ഓടുന്നു.
ഇതേ സമയം അവരുടെ വീട്ടിലും വെള്ളം കയറുന്നുണ്ട് എന്ന് ഓർത്താൽ അവർ ഇത് ചെയ്യില്ല. ഈ പ്രളയം നമുക്ക് തന്ന
ഗുണപാഠങ്ങൾ നമുക്ക് തന്ന ഗുണപാഠങ്ങൾ എന്തൊക്കെയാണെന്ന് നാം ചിന്തിക്കാറുണ്ടോ?
എന്താണ് ആ പാഠങ്ങൾ?

പ്രകൃതി മനോഹരിയാണ്.ഈ മനോഹാരിത ഇല്ലാതായി കൊണ്ടിരിക്കയാണ്.ഈ കാരണത്താൽ പ്രകൃതിക്ക് മനുഷ്യരോട് ചെറിയ തോതിൽ ദേഷ്യമുണ്ടായിരിക്കാം.കാരണം പ്രകൃതിയെ ഇല്ലാതാക്കുന്നത് മനുഷ്യർ തന്നെ! പ്രകൃതിയൊരു ദേവതയാണ്.

***പ്രകൃതിയുള്ളിടത്ത് ജീവനുമുണ്ട് വെള്ളവുമുണ്ട് ......***

***ഷാമില റിനു 9 സി***

## *മയിലിന്റെ അഹങ്കാരം*

തന്റെ സുന്ദരമായ ത്തുവലിനെക്കുറിച്ച് മയിലിന് വലിയ അഭിമാനമായിരുന്നു.ഞാനെന്തു സുന്ദരനാണ് വെള്ളത്തിൽ തന്റെ രൂപം പ്രതിഫലിച്ചു കാണുമ്പോഴൊക്കെ അവൻ ചിന്തിക്കും ഒരു ദിവസം അവനൊരു കൊക്കിനെ കണ്ടു മുട്ടി.നീയെത്ര വിരൂപനാണ് നിന്റെ നരച്ച ത്തൂവൽ മയിൽ മര്യാദയില്ലാതെ പറഞ്ഞു.എന്നെ നോക്കൂ...ഞാനെത്ര സുന്തരനാണ്.എന്റെ ത്തൂവലുകൾക്ക് എന്തു ഭംഗി.ഞാനെന്റെ ചിറക് വിടർത്തുമ്പോൾലോകർ എന്നെ കണ്ട് അത്ഭുതം കൂറി നിൽക്കും എന്നോട് താരതമ്യം ചെയ്യുമ്പോൾ നീ ഒന്നുമല്ല. മൈലിന്റെ പൊങ്ങച്ചം പറച്ചിൽ കൊക്ക് ക്ഷമയോടെ കേട്ടു. അവൻ പെട്ടെന്ന് തന്റെ ചിറക് വിടർത്തി ഉയരത്തിൽ പറക്കാൻ തുടങ്ങി. നിനക്കിതു പോലെ ഉയരത്തിൽ പറക്കാൻ കഴിയുമോ ?. മയിലിനെ കളിയാക്കികൊണ്ട് കൊക്ക് ചോദിച്ചു. മയിൽ നാണിച്ചു നിൽക്കെ കൊക്ക് ഉയരങ്ങളിലേക്ക് പറന്നകന്നു

*ഫാത്തിമ സാനിയ*

# മറുപാട്ട്

ആദ്യം പാടിയ പാട്ടിന്ന്
കുയിൽ മറുപാട്ട് പാടി

രണ്ടാം ദിവസവും
മറുപാട്ട് കേട്ടു

മൂന്നാം ദിനം
പാട്ടു പാടാതെ പിണങ്ങിപ്പോയി

കാക്കേടെ കൂട്ടിൽ കുയിൽ
മുട്ടയിട്ടതിനെ കളിയാക്കിപ്പാടിയതിനാണത്രെ
അന്ന് പിണങ്ങിപ്പോയത്

മാപ്പ് ചോദിച്ചും പാടി ഒരു പാട്ട്
*മറുപാട്ടായി കേട്ടതോ നല്ല താരാട്ട്*

***രാജേഷ്***
*എച്ച് എസ് ടി ഇംഗ്ലീഷ്*

# മിത്രം ശത്രു

ഒരിക്കൽ ഒരു ഗ്രാമത്തിൽ രണ്ട് കൂട്ടുകാരുണ്ടായിരുന്നു.അവരുടെ പേര് രാജു വിനു എന്നായിരുന്നു.അവർ വളരെയധികം സ്നേഹത്തിലും സന്തോഷത്തിലുമായിരുന്നു കഴിഞ്ഞിരുന്നത്.ആരും കണ്ടാൽ അസൂയപ്പെടുന്ന രണ്ടു കൂട്ടുകാർ. എന്നാൽ അവരുടെ വീടിന്റെ കുറച്ചപ്പുറത്തുള്ള മനുവിന് അവരെ ഭയങ്കര ഇഷ്ടമായിരുന്നു.മനു അവരോട് ചങ്ങാത്തം കൂടാൻ വരുമ്പോഴെല്ലാം അവർ ഒഴിഞ്ഞുമാറും.അങ്ങനെ ഒരു ദിവസം വിനി ഒരാക്സിഡന്റ് കേസിൽ അകപ്പെട്ടു.വീട്ടിലെത്തിയ വിനു ആകെ അസ്വസ്ഥയിലാണ്ടു.ആശ്വസിപ്പിക്കാൻ ആരും ഇല്ല.കുറച്ച് നേരത്തിന് ശേഷം പോലിസുകാർ വിനുവിന്റെ വീട്ടിലെത്തി അവനെ അറസ്റ്റ് ചെയ്യാൻ.ഇത് അറിഞ്ഞ് മനു പരിഭ്രാന്തനായി വീട്ടിലേക്ക് ഓടി. അവന് ഓടാതിരിക്കാൻ കഴിയുമോ?അവൻ ഇഷ്ടപ്പെടുന്ന ചങ്ങാതിയല്ലേ.അവൻ
ഓടി പോയി വിനുവിനോട് കാര്യങ്ങൾ ചോദിറിഞ്ഞു.കാര്യങ്ങൾ മനസ്സിലാക്കി തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പ് പോലിസുകാർ അവന്റെ വീട്ടിലെത്തി.എന്നിട്ട് പോലീസുകാർ പറഞ്ഞു."താൻ അല്ലെ ആ വണ്ടി ആക്സിഡന്റിൽ കാരണമായ വണ്ടിയുടെ ഡ്രൈവർ നീയല്ലെ. അത്കൊണ്ട് നീ ജീപ്പിലേക്ക് കയറൂ. ഇത് കേട്ട മനു പോലീസുകാരോട് പറഞ്ഞു.സാറേ ഇവനാണ് ഡ്രൈവ് ചെയ്തത് എന്നതിൽ തെളിവില്ലല്ലോ.. എന്നാൽ ഒരുകാര്യം ചെയ്യ് എന്നെ അറസ്റ്റ് ചെയ്യുക. ഞാനാണ് വണ്ടി ഡ്രൈവ് ചെയ്തത്.പ്രതി കുറ്റം സമ്മതിച്ചതിനാൽ പോലീസുകാർ മനുവിനെ അറസ്റ്റ് ചെയ്തു.രാജു അതിന് മുമ്പ് തന്നെ എന്നെ അറസ്റ്റ് ചെയ്യുമെന്നോർത്ത് മുങ്ങി.അതോടെ വിനുവിന് ഒരു കാര്യം മനസ്സിലായി.മിത്രത്തെ ഒരിക്കലും നല്ല പോലെ സ്നേഹിക്കാൻ പാടില്ല. അതുപോലെ ശത്രുവിനെ നല്ല പോലെ വെറുക്കാനും പാടില്ല.

ഫാത്തിമ നാജിയ.കെ.പി.

9.b

# സ്മരിക്കാം എന്നും അവർക്കായ്

പ്രളയമെന്ന വെല്ലുവിളിക്കു മുമ്പിൽ കാലിടറിവീഴാതെ ഒരുമിച്ച് കൈകോർത്തു നാം. ഭിന്നങ്ങളായ നാം ഒരോരുത്തരെ കോർത്തി-ണക്കി. ഒരു ചരടിൻമേൽ ഉറപ്പിച്ചു ജാതി-മത-വർഗീയതയില്ലാതെ 'നാം ഒന്ന്' എന്ന ബോധം എല്ലാവരിലും വളർത്തിയെടുത്തു. ചിറകറ്റു വീണവർക്ക് സാന്ത്വനമായി സ്നേഹത്തിൻ കരങ്ങളാൽ നീട്ടി ആശ്വാസമേകി. അന്തിച്ചുവപ്പിന്റെ മധ്യത്തിൽ പ്രയാസങ്ങൾ അ-റിയാതെ രാവും പകലും അവർക്ക് വേണ്ടി മാറ്റിവെച്ചു. അവരുടെ വിലപ്പെട്ട സമയങ്ങൾ അവർക്ക് മാത്രമുള്ളതായി. ഈ സ്നേഹത്തിൻ കരങ്ങൾ നീട്ടിയ ആദേവദൂതൻ മാർക്ക് ഒരായിരം നന്ദി. വരൂ നമുക്ക് സ്മരിക്കാം . ഈ ലോകത്തെ തിരികെ തന്ന ഒരുകൂട്ടം ജനതയ്ക്കായ്.........

മുഹ്സിദ. p
*9.c*